

# ഖുർആനിലെ പെണ്ണ്

## ഇസ്‌ലാമിന്റെ അകം വായനയും പുറം വായനയും

കവർസ്റ്റോറി ● പി.ഐ നൗഷാദ്

**ഉത്തരാധുനിക** ആശയാവലികളുടെ തള്ളിച്ചയിൽ ധൈഷണിക അന്വേഷണങ്ങൾ സ്വഛന്ദവും സ്വതന്ത്രവുമാണ് എന്ന സങ്കൽപനം വിശുദ്ധ കെട്ടുകഥയായിത്തീർന്നിരിക്കുന്നു. വൈജ്ഞാനിക പഠനങ്ങളുടെയും സാഹിത്യരചനയുടെയും സൂക്ഷ്മതലങ്ങളിൽ വരെ രചയിതാവിന്റെ വീക്ഷണങ്ങളും സാംസ്കാരികബോധവും ഉൾച്ചേർന്നിരിക്കുന്നുവെന്ന സമർഥനം ഇന്ന് ശക്തമാണ്. അന്വേഷകന്റെ പൂർവ പാഠങ്ങൾ (prior text) അലിഞ്ഞുചേർന്നാണ് ഒരോ പാഠവും (text) ആവിഷ്കരിക്കപ്പെടുന്നത്. പൂർവ പാഠങ്ങൾ ഓരോ അന്വേഷണത്തെയും എങ്ങനെ സ്വാധീനിക്കുന്നുവെന്നത് സാംസ്കാരിക പഠനത്തിന്റെ വലിയ മേഖലകൂടിയാണ്.

ഇത്തരത്തിലുള്ള സാംസ്കാരിക അന്തരീക്ഷത്തിലാണ് കൃത്യമായി പ്രത്യയശാസ്ത്ര ബന്ധിതമായ ഒരു പുസ്തകത്തിന്റെ (*ഖുർആൻ ആന്റ് വുമൺ*) മലയാള വിവർത്തനം (ഖുർആൻ ഒരു പെൺവായന- ആമിനാ വദൂദ്) പുറത്തിറങ്ങുന്നതും ചർച്ചയാകുന്നതും. 1992ൽ മലേഷ്യയിലാണ് പുസ്തകത്തിന്റെ പ്രഥമ പതിപ്പ് പുറത്തിറങ്ങിയത്. വിശുദ്ധ ഖുർആൻ എന്ന ദൈവിക വെളിപാട് ഗ്രന്ഥത്തിൽ സ്ത്രീ എങ്ങനെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നുവെന്ന അന്വേഷണമാണ് പുസ്തകത്തിലൂടെ ആമിനാ വദൂദ് നിർവഹിക്കുന്നത്.

ആധുനികതയുടെ പിറവിക്ക് ശേഷം ഇസ്‌ലാമിന് അകത്തും പുറത്തുമുള്ള വിവിധ പണ്ഡിതർ ഇസ്‌ലാം, സ്ത്രീ, ഖുർആൻ എന്നീ വിഷയങ്ങളിൽ അന്വേഷണങ്ങൾ നടത്തുകയും പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചി

ലത് ഏറെ വിവാദങ്ങൾ സൃഷ്ടിച്ചു. മറ്റു ചിലത് മുസ്‌ലിം സമൂഹത്തിന്റെ ധാരണകളെ നവീകരിക്കുന്നതിന് സഹായകമായി. ഇസ്‌ലാമിക വൈജ്ഞാനിക ശാഖയിൽ സ്ത്രീയെ കുറിച്ചുള്ള പഠനം പുതുമയുള്ളതല്ലെന്ന് ചുരുക്കം. എന്നാൽ ഇത്തരം പുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായി ആമിനാ വദൂദിന്റ പഠനം സവിശേഷമാകുന്നത്, ഇസ്‌ലാമിലെ വൈജ്ഞാനിക പാരമ്പര്യ രീതികളിൽ നിന്ന് വേറിട്ട് 'സ്വന്തമായ വിശകലനരീതി' യിൽ ഖുർആനിലെ പെണ്ണിനെ പഠിക്കാൻ ശ്രമിക്കുന്നതിനാലാണ്. അതിന് അവർക്ക് ഏറ്റവും പ്രചോദനമാകുന്നത് പാകിസ്താനിൽ ജനിക്കുകയും അമേരിക്കയിൽ സ്ഥിര താമസമാക്കുകയും ചെയ്ത ഫസലുർറഹ്മാന്റെ പഠനങ്ങളും ഫെമിനിസ്റ്റ് ആശയങ്ങളും ഉത്തരാധുനിക ചിന്താ പദ്ധതികളുമാണ്. അതിനാൽതന്നെ ഈ പഠനത്തിലെ ഇസ്‌ലാമികത പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

പുതിയ കാലത്തിന്റെ സാമാന്യ യുക്തിക്ക് അനുയുക്തയായ പെണ്ണിനെ ഖുർആനിൽനിന്ന് കണ്ടെടുക്കുന്നുവെന്നതാണ് പുസ്തകത്തിന്റെ പ്രധാന ആകർഷണീയത. പെണ്ണിന്റെ സ്ഥാനം വൈയക്തിക മണ്ഡലങ്ങളിലും സാമൂഹിക ജീവിതത്തിലും ആണിന് തുല്യമായി സ്ഥാപിച്ച് 'ഞങ്ങളെത്ര ഉഷാർ' എന്ന് സാംസ്കാരികമായി ഊറ്റംകൊള്ളാവുന്ന നിലവാരത്തിലേക്ക് ഉയർത്തി ഇസ്‌ലാമിനെ രക്ഷിച്ചിരിക്കുന്നുവെന്ന പ്രതീതി ജനിപ്പിക്കുന്നു. നവ സാമൂഹികാന്തരീക്ഷത്തിന് ഫിറ്റായ പെണ്ണിനെ വിരിയിച്ചെടുത്തതിന്റെ ആഘോഷത്തിമർപ്പിൽ, ഖുർആൻ വ്യാഖ്യാനിക്കുമ്പോൾ ഇസ്‌ലാമിക പണ്ഡിതർ പുലർത്തിയിരുന്ന സൂക്ഷ്മതയുടെ അടിവേരിൽ ആഴ്ത്തപ്പെടുന്ന മുറിവുകൾ അവഗണിക്കപ്പെടുകയാണ്.

ഹരംകൊള്ളിക്കുന്ന ഉത്തരങ്ങളിലേക്ക് എത്തിച്ചേർന്നതുകൊണ്ട് മാത്രം ഒരു ആശയം ഇസ്‌ലാമിൽ സാർവാംഗീകൃതമാവുകയില്ല. പുതുമ നിറഞ്ഞ, ആൺ/പെൺ വൈജാത്യങ്ങൾ മാഞ്ഞുപോകുന്ന, മക്കത്തായവും മരുമക്കത്തായവും ഇല്ലാത്ത, സാമ്പത്തികവും വൈജ്ഞാനികവും രാഷ്ട്രീയവും ഗൃഹഭരണവും സന്താന പരിപാലനവുമെല്ലാം തുല്യമായി ഏറ്റെടുക്കുന്ന സമത്വ സുന്ദര സാമൂഹിക ക്രമം സ്വപ്നം കാണുന്നുവെന്നതുകൊണ്ട് മാത്രം (പേജ് 208-209) ആമിനാ വദൂദിന്റെ പഠനം ഇസ്‌ലാമികമാകുന്നില്ല. ഉത്തരത്തിലേക്കുള്ള നിർധാരണ രീതികളും വിശകലനമാതൃകകളും ഇസ്‌ലാമികമായാൽ മാത്രമേ ഏതൊരന്വേഷണവും ഇസ്‌ലാമിൽ സ്വീകാര്യമാവുകയുള്ളൂ. ഉത്തരങ്ങൾ മാത്രമല്ല; ഉത്തരങ്ങളിലേക്കുള്ള വഴിയും ദർശനത്തെ സംബന്ധിച്ച് മർമ പ്രധാനമാണ്. ഉത്തരം തേടുന്ന വഴി (ഇജ്തിഹാദിന്റെ നിദാനശാസ്ത്ര രീതികൾ) ദർശനത്തിന്റെ, വിശേഷിച്ച് ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളോട് ഉൾച്ചേർന്ന് നിൽക്കുന്നതാവണം.

ഖുർആനും പെണ്ണും എന്ന പഠനം ഒരു സ്വതന്ത്ര അന്വേഷണമായികൊണ്ടല്ല വദൂദ് നിർവഹിക്കുന്നത്. പുസ്തക രചനയുടെ താൽപര്യമായി വിവിധ ഇടങ്ങളിൽ ആമിനാ വദൂദ് ഉന്നയിക്കുന്ന കാരണങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം: മുസ്‌ലിംസമൂഹം അവർ ഭൂരിപക്ഷമാകട്ടെ ന്യൂനപക്ഷമാകട്ടെ, സ്ത്രീകൾക്ക് അർഹമായ പ്രാധാന്യം നൽകുന്നില്ല. ഇസ്‌ലാമിന്റെ സ്ത്രീ കാഴ്ചപ്പാടിന് നേരെയുള്ള പാശ്ചാത്യ വിമർശനങ്ങൾക്ക് ശക്തമായ മറുപടി പറയാൻ ഇസ്‌ലാമിക പണ്ഡിതന്മാർക്ക് സാധിക്കുന്നില്ല. കാരണം അവരുടെ വിശകലനങ്ങൾ പുരുഷകേന്ദ്രീകൃത ഖുർആൻ വ്യാഖ്യാനങ്ങളിൽ നിന്നാണ് ആവിർഭവിക്കുന്നത്. ഖുർആന്റെ വ്യാഖ്യാനശാസ്ത്രം തന്നെ പുരുഷന്റെ അധികാര ശ്രേണിയെ ബലപ്പെടുത്തുംവിധമാണ് ക്രമീകരിച്ചിട്ടുള്ളത്. അതിനാൽ പുതിയ സാഹചര്യത്തിലെ വിമർശനങ്ങൾക്ക് മറുപടി പറയാനും ഇസ്‌ലാമിലെ സ്ത്രീയെ കണ്ടെത്താനും പുതിയ രീതിയിൽ ഖുർആനിനെ വിശകലനം ചെയ്യാനും പുതിയ വ്യാഖ്യാന മാനദണ്ഡങ്ങൾ സ്വീകരിക്കാനും നിർബന്ധിതമാകുന്നു. അങ്ങനെയാണ് പതിനാല് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഖുർആൻ വ്യാഖ്യാന രീതികൾക്കുപകരം തികച്ചും പുതിയ മാനദണ്ഡങ്ങളിൽ (അത് എത്രത്തോളം പുതുതാണെന്ന് വേറെ പഠിക്കണം) ഖുർആനിന് സ്ത്രൈണമായ ഒരു വ്യാഖ്യനത്തിന്റെ പ്രസക്തി ബോധ്യപ്പെടുന്നത്. കൂട്ടത്തിൽ, യൂറോപ്പ് സ്ത്രീകൾക്ക് കൊടുക്കുന്ന അധികാരവും ഫെമിനിസം സ്ത്രീകളുടെ സ്വത്വ നിർവചനം നടത്തിയതും ഏറെ സ്വാധീനിക്കുകയും ചെയ്തു.

സ്ത്രീയുടെ അധികാര ഘടനയെ സംബന്ധിച്ച് വദൂദ് എത്തിച്ചേർന്ന പല തീർപ്പുകളും സാമ്പ്രദായിക ഖുർആൻ വ്യാഖ്യാനങ്ങൾ സ്ത്രീയോട് അന്യായം ചെയ്തിരിക്കുന്നുവെന്ന വാദവും പുസ്തകത്തിന്റെ സമാരംഭത്തിൽ തന്നെ അവർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിന്റെ അകത്തുനിന്ന് അതിനനുസരിച്ച് പെണ്ണിനെ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് നിർവഹിക്കുന്നതെന്ന് വദൂദ് അവകാശപ്പെടുന്നുണ്ടെങ്കിലും ഫെമിനിസ്റ്റ് പാഠങ്ങളും ഉത്തരാധുനിക ആശയാവലികളുമാണ് ഈ പഠനത്തിന്റെ വിശകലന മാതൃകയെന്ന് തുടക്കത്തിൽ തന്നെ (മലയാളപതിപ്പ് പേജ് 27) സമ്മതിക്കുന്നു. പിന്നീട് 2002ൽ pbs frontline നടത്തിയ ഓൺലൈൻ അഭിമുഖത്തിൽ കൂടുതൽ തെളിച്ചത്തോടെ അവർ അത് വ്യക്തമാക്കുന്നു: I myself am a postmodernist, so I tend to say this is a postmodernist resurgence. In that all of postmodernity has been about rethinking or reconfiguring the past. So that it is commensurate with a much more pluralistic and dynamic future.

പൂർവ പാഠങ്ങൾ വീക്ഷണത്തെ സ്വാധീനിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്ന ഒരാളുടെ പുസ്തകം പ്രത്യയശാസ്ത്ര സ്വാധീനത്തെ ഉപേക്ഷിച്ച് കൊണ്ട് വായിക്കാനോ നിരൂപണം നടത്താനോ സാധ്യമല്ല. ദൗർഭാഗ്യവശാൽ പുസ്തകത്തിന് വന്ന പല നിരൂപണങ്ങളും ഇത്തരത്തിൽ പ്രത്യയശാസ്ത്ര പരിശോധനയിൽ നിന്ന് മുക്തമായിരുന്നു. യഥാർഥത്തിൽ വദൂദിന്റെ പുസ്തകം ഖുർആനിലെ സ്ത്രീയെ കുറിച്ച കേവല പഠനം മാത്രമല്ല. പകരം, ഖുർആനിന്റെ വ്യാഖ്യാനത്തെ കുറിച്ചും

**താത്ത്വികമായി പ്രവാചകനെയും ഹദീസുകളെയും അംഗീകരിക്കുന്നുവെന്നവർ ആണയിടുന്നുണ്ടെങ്കിലും പ്രയോഗത്തിൽ പ്രവാചകൻ സ്ത്രീയെ കുറിച്ച് പറഞ്ഞ വചനങ്ങളെ അവർ പൂർണമായും അവഗണിക്കുകയാണ്. അതിനവർ പറഞ്ഞ ന്യായം, പ്രവാചക വചനങ്ങൾ അവർ കണ്ടെത്തുന്ന ഖുർആനിക ആശയത്തിന് വിരുദ്ധമാണെങ്കിൽ ഖുർആൻ ആണ് സ്വീകരിക്കുക എന്നാണ്. ഇവിടെ ഖുർആൻ എന്നതുകൊണ്ട് അർഥമാക്കുന്നത്, ഖുർആനിൽ നിന്ന് അവർ കണ്ടെടുക്കുന്ന ആശയമെന്ന് വ്യക്തം.**

ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യ സങ്കൽപനത്തെ കുറിച്ചും പ്രവാചക വചനത്തെ കുറിച്ചും സഹസ്രാബ്ദങ്ങളിലൂടെ പിന്തുടർന്ന് വരുന്ന ഇസ്‌ലാമിക വൈജ്ഞാനിക പാരമ്പര്യത്തെ കുറിച്ചുമെല്ലാം സന്ദേഹം ഉയർത്തുകയും അവയെ ഖുർആന്റെ പ്രതിസ്ഥാനത്ത് നിർത്തുകയും ചെയ്യുന്നുണ്ട് അത്.

ആമിനാ വദൂദിന് സ്ത്രീ, ഖുർആൻ വിശകലനത്തിന്റെ ഒരു മാപിനി മാത്രമാണ്. അതിലൂടെ അവർ സ്വീകരിച്ച വിശകലന രീതിയാണ് മർമപ്രധാനം (പേജ് 32-38). ആമിനാ വദൂദ് ഉയർത്തുന്ന സംവാദങ്ങൾ ചിലപ്പോൾ അതിനേക്കാൾ ഉയരത്തിൽ, ശക്തിയിൽ മുമ്പും ശേഷവും ഇസ്‌ലാമിക സമൂഹത്തിൽ രൂപപ്പെടുകയും മുസ്‌ലിം സാമാന്യ ധാരണകൾക്ക് അന്യമായ ഉത്തരങ്ങളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. സാമൂഹിക രംഗങ്ങളിലെ സ്ത്രീയുടെ അധികാരം, സ്ഥാനം, സാക്ഷ്യം തുടങ്ങി ആമിനാ വദൂദ് പ്രശ്നവത്കരിക്കുന്ന ഒട്ടുമിക്ക വിഷയങ്ങളിലും വദൂദിന് സമാനമായ വീക്ഷണങ്ങൾ പങ്കുവെച്ച വേറെയും പണ്ഡിതന്മാരുണ്ട്. മുഹമ്മദ് ഗസ്സാലി, ഹസൻ തുറാബി തുടങ്ങിയവർ അതിൽ ചിലരാണ്. സ്ത്രീകളായ പ്രവാചകന്മാർ വരെ ഉണ്ടായിട്ടുണ്ടന്ന് ഇമാം ഇബ്നുഹസമിന് അഭിപ്രായമുണ്ടെന്ന് പ്രാമാണിക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തകർ പ്രസിദ്ധീകരിക്കുന്ന *അൽ മുജ്തമഅ്* വാരികയിലെ പ്രധാന സമകാലിക ഫത്‌വകളിലൊന്ന്, സ്ത്രീകളുടെ അധികാരവുമായി ബന്ധപ്പെട്ടതാണ്. 2008ലെ സെപ്റ്റംബർ-ഒക്ടോബർ ലക്കം *ബോധന*ത്തിൽ സ്ത്രീ അധികാരത്തെ കുറിച്ച ചോദ്യത്തിന് നൽകിയ ഉത്തരംപോലും വദൂദിന്റെ വീക്ഷണത്തേക്കാൾ തീവ്രമാണ്. പക്ഷേ ഇവരുടെ വിശകലനങ്ങൾ ഇസ്‌ലാമികവും വദൂദിന്റേത് ഇസ്‌ലാമിക ബാഹ്യമാകുന്നത് വദൂദ് ഒരു പെണ്ണായത് കൊണ്ടല്ല; മറിച്ച്, അവർ സ്വീകരിച്ച വിശകലനത്തിന്റെ രീതിശാസ്ത്രം വഴിതെറ്റിയതു കൊണ്ടാണ്. ആമിനാ വദൂദിന്റെ പുസ്തകം സ്ത്രീയെ കുറിച്ച് ഇസ്‌ലാമിന്റെ അകം വായനയല്ല, പുറം വായനയാണെന്ന് വിലയിരുത്തേണ്ടിവരുന്നത് അതിനാലാണ്.

വിശുദ്ധ ഖുർആൻ വ്യാഖ്യാനരഹിതമായി അവതീർണമായ ഗ്രന്ഥമല്ല. അത് നീണ്ട കാലയളവിലൂടെ, വൈവിധ്യപൂർണമായ ജീവിത പരിസരങ്ങളിൽ,



**വദൂദിന്റെ പുസ്തകം ഖുർആനിലെ സ്ത്രീയെ കുറിച്ച കേവല പഠനം മാത്രമല്ല. പകരം, ഖുർആനിന്റെ വ്യാഖ്യാനത്തെ കുറിച്ചും ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യ സങ്കൽപനത്തെ കുറിച്ചും പ്രവാചക വചനത്തെ കുറിച്ചും സഹസ്രാബ്ദങ്ങളിലൂടെ പിന്തുടർന്ന് വരുന്ന ഇസ്‌ലാമിക വൈജ്ഞാനിക പാരമ്പര്യത്തെ കുറിച്ചുമെല്ലാം സന്ദേഹം ഉയർത്തുകയും അവയെ ഖുർആനിന്റെ പ്രതിസ്ഥാനത്ത് നിർത്തുകയും ചെയ്യുന്നുണ്ട്.**

പ്രവാചകൻ മുഹമ്മദിലേക്ക് നൈരന്തര്യത്തോടെ അവതരിപ്പിക്കപ്പെട്ടതാണ്. ഖുർആനിന്റെ ആധികാരിക വ്യാഖ്യാതാവ് അദ്ദേഹം മാത്രമാണ്. പ്രവാചകന്റെ ഖുർആൻ വ്യാഖ്യാനം ആ കാലത്തിന്റെ, സാഹചര്യത്തിന്റേതാണെന്ന് വദൂദ് പറഞ്ഞുവെക്കുന്നതിലൂടെ, കാലത്തിനും ദേശത്തിനും പരിമിതമാണ് പ്രവാചക നിർദേശങ്ങൾ എന്ന് വരുന്നു. ഖുർആന്റെ പ്രവാചക വ്യാഖ്യാനത്തെ ഉപേക്ഷിക്കുന്നതിലൂടെ ഖുർആൻ വ്യാഖ്യാനിക്കാനുള്ള ശ്രമം തന്നെ വഴിതെറ്റുകയാണ്. ഈ വഴിതെറ്റൽ ആമിനാ വദൂദിൽ സംഭവിക്കുന്നത് ബോധപൂർവമാണെന്നത് വിഷയത്തെ കൂടുതൽ ഗൗരവതരമാക്കുന്നു. ഖുർആനിലെ പല വചനങ്ങൾക്കും വിധികൾക്കും കാലദേശ പരിമിതികളുണ്ടെന്ന സൂചനകൾ വദൂദ് ആവർത്തിക്കുന്നുണ്ട്. അതോടൊപ്പം ഖുർആനിന്റെ കാലാതീതവും ദേശാതീതവുമായ സാധ്യത തുറന്നുവെക്കുന്നുമുണ്ട്. ഇവ തമ്മിലെ വേർതിരിവ് ചൂണ്ടിക്കാണിക്കുന്നതിൽ വദൂദ് പരാജയപ്പെടുകയും ചെയ്യുന്നു. വദൂദിന്റെ ഖുർആൻ വായനയിലെ മൗലിക പോരായ്മകളാണിവ.

താത്ത്വികമായി പ്രവാചകനെയും ഹദീസുകളെയും അംഗീകരിക്കുന്നുവെന്നവർ ആണയിടുന്നുണ്ടെങ്കിലും പ്രയോഗത്തിൽ പ്രവാചകൻ സ്ത്രീയെ കുറിച്ച് പറഞ്ഞ വചനങ്ങളെ അവർ പൂർണമായും അവഗണിക്കുകയാണ്. അതിനവർ പറഞ്ഞ ന്യായം, പ്രവാചക വചനങ്ങൾ അവർ കണ്ടെത്തുന്ന ഖുർആനിക ആശയത്തിന് വിരുദ്ധമാണെങ്കിൽ ഖുർആൻ ആണ് സ്വീകരിക്കുക എന്നാണ്. ഇവിടെ ഖുർആൻ എന്നതുകൊണ്ട് അർഥമാക്കുന്നത്, ഖുർആനിൽ നിന്ന് അവർ കണ്ടെടുക്കുന്ന ആശയമെന്ന് വ്യക്തം. ഇത് ഖുർആനിനെ കുറിച്ചും ഖുർആൻ വ്യാഖ്യാനത്തെ സംബന്ധിച്ചും അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഉയർത്തുന്നു. ആരുടെ വ്യാഖ്യാനമാണ് ഇസ്‌ലാമികമായി അവലംബനീയമായത്? ഖുർആൻ വ്യാഖ്യാനത്തിൽ സ്വീകരിക്കേണ്ട അവലംബവും മാർഗവുമെന്ത്? ഖുർആൻ വ്യാഖ്യാനങ്ങൾ ഇസ്‌ലാമികമാണോ എന്ന് തീർച്ചപ്പെടുത്തുന്നതിന്റെ മാനദണ്ഡമെന്താണ്? ഇത്തരം ചോദ്യങ്ങൾക്ക് ഇസ്‌ലാമിന്റെ പാരമ്പര്യ വ്യാഖ്യാതാക്കൾക്ക് വ്യക്തമായ ഉത്തരമുണ്ട്. ഖുർആൻ നിദാനശാസ്ത്ര തത്ത്വങ്ങൾ വികാസം പ്രാപിച്ചത് ഇത്തരം അന്വേഷണത്തിന്റെ ഉത്തരമായി കൊണ്ടാണ്. പക്ഷേ വദൂദിന്റെ ചിന്താരീതിക്ക് ഉത്തരം പറയുക സാധ്യമല്ല. കാരണം പാരമ്പര്യ വ്യാഖ്യാന ശാസ്ത്ര നിഷേധത്തിൽ നിന്നാണല്ലോ അവർ ഊർജം സ്വീകരിക്കുന്നത്. ഇസ്‌ലാമിക ചിന്താധാരകളുടെ അടിസ്ഥാനങ്ങളോട് അവർ സ്വീകരിക്കുന്ന നിഷേധാത്മക സമീപനങ്ങളാണ്, അവരെ കുടുക്കുകളിൽ അകപ്പെടുത്തുന്നത്.

ശരീഅത്തിനെ അറേബ്യൻ സാംസ്കാരിക പരിസരത്തും പ്രവാചക കാലഘട്ടത്തിലും പരിമിതപ്പെടുത്താനുള്ള ശ്രമവും വദൂദ് നടത്തുന്നുണ്ട്. അടിസ്ഥാന മൂല്യങ്ങളാണ് സാർവ ലൗകികമായതെന്നും അതിന്റെ പ്രായോഗികത സാഹചര്യ നിർമിതവും പ്രാദേശിക വൈവിധ്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നതുമാണെന്ന് വദൂദ് വാദിക്കു

ന്നു. “........... പ്രത്യേകമായ ഉദ്ബോധനങ്ങളുടെയും അധ്യാപനങ്ങളുടെയും തത്ത്വ ങ്ങൾ ശരിയാം വിധം ഗ്രഹിക്കാൻ ഓരോ പുതിയ ഇസ്‌ലാമിക സമൂഹത്തിനും ബാധ്യതയുണ്ട്. ആ തത്ത്വങ്ങളാണ് സനാതനം. വിവിധ സാമൂഹിക പരിസരങ്ങ ളിൽ അത് പ്രയോഗിക്കാനും കഴിയും.

ഉദാഹരണത്തിന് പർദാ സമ്പ്രദായമെടുക്കുക. ഖുർആൻ അവതരിച്ച കാല ത്ത്, ധനാഢ്യരും പ്രതാപികളുമായ അറബി ഗോത്രങ്ങളിലെ പെണ്ണുങ്ങൾക്ക് മൂടു പടമിട്ട് വീടുകളിൽ അടങ്ങിയൊതുങ്ങിക്കഴിയേണ്ടിവന്നിരുന്നു. അങ്ങനെയായിരുന്നു ആണുങ്ങൾ അവരെ രക്ഷിച്ചത്. മിതത്വം വേണമെന്ന് നിഷ്കർഷിക്കുന്ന ഖുർ ആൻ അത്തരം പെണ്ണുങ്ങളെ മുന്നിൽ കാണുന്നുണ്ടായിരുന്നു. അതുകൊണ്ട് ആ സമ്പ്രദായമായി മാതൃക. പ്രാധാന്യം മിതത്വത്തിനാണ്. മൂടുപടമിടലും വീടുക ളിൽ അടങ്ങിയൊതുങ്ങിക്കഴിയലും അതിന് കൈക്കൊണ്ട ഒരു ഉപായം മാത്രം. സാമ്പത്തികവും സാംസ്കാരികവുമായ നിർണയങ്ങളായിരുന്നു അത്തരം അച്ചട ക്കത്തിന് പ്രേരകമായത്” (പേജ് 67). ഏത് മൂല്യവും വിധിയും സാംസ്കാരികമോ സാഹചര്യ നിർമിതമോ ആണ് എന്ന ഉത്തരാധുനിക ആശയം തന്നെയാണ് വദൂ ദിനെ ഇവിടെയും സ്വാധീനിച്ചിട്ടുള്ളത്. ദറജയുടെ വിശദീകരണത്തിൽ ഇത് കുറേ കൂടി മുന്നോട്ടുവന്ന് സ്ഥലകാലങ്ങളെ അടിസ്ഥാനപ്പെടുത്തിയ നാട്ടുനടപ്പായി രൂപം കൊള്ളുന്നുണ്ട് (പേജ് 155).

ആണുങ്ങൾക്കും പെണ്ണുങ്ങൾക്കുമിടയിൽ ജന്മസിദ്ധമായിത്തന്നെ (സൃഷ്ടി ക്കപ്പെട്ട പ്രകൃതത്തിൽതന്നെ) തരം തിരിവുകളുണ്ടെന്നത് ഖുർആനികമല്ല, വ്യാഖ്യാന നിർമിതിയാണെന്ന് വദൂദ് പ്രസ്താവിക്കുന്നു. ഖുത്വുബ്, സമഖ്ശരി, അഖാദ് എന്നിവരെ നിരൂപണം നടത്തിക്കൊണ്ട് സ്ത്രീ-പുരുഷ വൈജാത്യത്തെ ഖുർആനിക അടിസ്ഥാന വീക്ഷണമാക്കിക്കളഞ്ഞുവെന്നവർ കുറ്റാരോപണം നടത്തുകയും ചെയ്യുന്നു. ലിംഗ വ്യത്യാസം ഉത്തരവാദിത്വത്തിന്റെ വ്യതിചലന ത്തിന് കാരണമാകരുതെന്ന വദൂദിന്റെ വീക്ഷണം പ്രസക്തമാണ്. പക്ഷേ വൈജാ ത്യങ്ങൾ വ്യാഖ്യാതാക്കളുടെ പുരുഷ ലീലാവിലാസങ്ങൾ മാത്രമാണെന്ന വീക്ഷണം അങ്ങേയറ്റം ബാലിശവും വസ്തുതാവിരുദ്ധവുമാണ്. ഇസ്‌ലാമിന്റെ മൗലിക വീക്ഷ ണത്തിന് കടകവിരുദ്ധവുമാണ് വദൂദ് സ്വയം പേറുന്ന ഫെമിനിസ്റ്റ് ആശയങ്ങൾ.

യൂറോപ്യൻ കേന്ദ്രിത മൂല്യബോധവും മികച്ചത് പടിഞ്ഞാറിന്റേതാണെന്ന സാംസ്കാരിക ഔന്നിത്യവും പുസ്തക രചനയിൽ ആമിനാ വദൂദിനെ സ്വാധീ നിക്കുന്നത് കാണാനാകും. അറബി ഭാഷയിലെ ലിംഗ ഘടന വ്യാഖ്യാനങ്ങൾക്ക് സങ്കീർണതകൾ നൽകുന്നുവെന്നും, ലിംഗ വ്യത്യാസമില്ലാത്തതോ കുറഞ്ഞതോ ആയ ഭാഷയിൽ (ഇംഗ്ലീഷ്) ദൈവ വചനങ്ങൾ അവതരിപ്പിക്കപ്പെടുകയായിരുന്നു വേണ്ടിയിരുന്നത് എന്നും അവർ പരോക്ഷമായി ദ്യോതിപ്പിക്കുന്നത് ഈ വരേണ്യ ചിന്തയുടെ നിദർശനമാണ്. ഇസ്‌ലാമിനെ യൂറോപ്പിന്റെ മൂല്യബോധത്തിനും ജീവിതരീതിക്കും അനുസൃതമായി വ്യാഖ്യാനിച്ചെടുക്കാനുള്ള ശ്രമം പുസ്തക ത്തിൽ ശക്തമാണ്. അനന്തരാവകാശ നിയമം മുതൽ വസ്ത്രധാരണം വരെയു ള്ള ശരീഅത്ത് വിധികളെ നിരൂപിക്കുന്നതിലും അറബ് സാംസ്കാരികതയും ഖുർ ആൻ വിധികളും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നിടത്തും മറകളില്ലാതെ ഇത് പുറത്തു ചാടുന്നുണ്ട്.

ആമിനാ വദൂദിന്റെ പുസ്തകം നൽകുന്ന ധനാത്മക മൂല്യം, പാരമ്പര്യ മുസ്‌ലിംസമൂഹം സ്ത്രീയോട് പുലർത്തുന്ന അവജ്ഞയെ തകർത്തുകളയുന്നു വെന്നതാണ്. സൃഷ്ടിപ്പിലും ദൈവ സന്നിധിയിലും ഭൂമിയിലെ വ്യവഹാര മണ്ഡ ലങ്ങളിലെ സ്വത്വ നിർണയത്തിലും സ്ത്രീ തികഞ്ഞ പൂർണതയുള്ളവളാണെന്ന് തെളിമയോടെ, മികച്ച അക്കാദമിക നിലവാരത്തിൽ സ്ഥാപിക്കാൻ അവർക്ക് കഴിയുന്നുണ്ട്. എന്നാൽ ഖുർആൻ അംഗീകരിക്കുന്ന സ്ത്രീ-പുരുഷ വൈജാത്യ ങ്ങളെ വെട്ടിനിരത്താനുള്ള ശ്രമത്തിൽ വിജയിക്കാനാകാതെ കുഴഞ്ഞുവീഴുകയും ചെയ്യുന്നു. ഫെമിനിസത്തിന്റെയും ഉത്തരാധുനികതയുടെയും ചിന്താ സ്വാധീന ത്തിൽ നിന്ന് മുക്തമായി കുറേക്കൂടി സന്തുലിതമായി ഖുർആനിനെയും ഖുർ ആൻ വ്യാഖ്യാന രീതികളെയും നിരീക്ഷിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇസ്‌ലാ മിക സമൂഹത്തിൽ നടക്കുന്ന സ്ത്രീ ശാക്തീകരണ ചർച്ചകൾക്ക് മികച്ച സംഭാവ നയാകുമായിരുന്നു പുസ്തകം. ■